©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 സെപ്റ്റംബർ 25<br>25th September 2018<br>1194 കന്നി 9<br>9th Kanni 1194<br>1940 ആശ്വിനം 3<br>3rd Aswina 1940 | നമ്പർ<br>No. 38 |

# PART III

# Co-operative Department

### പത്തനംതിട്ട ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : പി. ജെ. അബ്ദുൽ ഗഫാർ)

(1)

നമ്പർ എസ്. സി. റ്റി. എം. 3023/2018. 2018 ജൂലൈ 27.

വിഷയം :—പി. റ്റി. 159-ാം നമ്പർ റാന്നി എൽ. ഐ. സി. ഏജന്റ്സ് സഹകരണ സംഘം (ക്ലിപ്തം) സമാപ്തീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അങ്ങാടി യൂണിറ്റ് ഇൻസ്പെക്ടറുടെ സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(2) റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 16-5-2018-ലെ 236/18-ാം നമ്പർ കത്ത്.

പി. റ്റി. 159-ാം നമ്പർ റാന്നി എൽ. ഐ. സി. ഏജന്റസ് സഹകരണ സംഘം (ക്ലിപ്തം) റാന്നി താലൂക്കിൽ റാന്നി ആസ്ഥാനമാക്കി 18-11-1998-ൽ രജിസ്റ്റർ ചെയ്ത് 22-12-1998-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ 31-3-2017 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. സംഘത്തിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ല. സംഘം രജിസ്റ്റർ ചെയ്ത് 4 വർഷം വരെ എം. എം. ബി. എഫ്. പ്രവർത്തനങ്ങളല്ലാതെ യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. നിലവിൽ സംഘം ആഫീസ് തുറന്നു പ്രവർത്തിക്കുന്നില്ല. സംഘത്തിന്റെ ബൈലയോ അംഗത്വ രജിസ്റ്ററോ ലഭ്യമല്ലാത്തതുമാണ്. സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലായെന്ന് സൂചന (1) അന്വേഷണ റിപ്പോർട്ട് പ്രകാരം അറിയിച്ചിട്ടുണ്ട്.

സൂചന (1) പ്രകാരമുള്ള പരിശോധനയിൽ സംഘം പുനരുദ്ധീകരിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാലും സംഘം സമാപ്തീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവർ ടി വിഷയം സംബന്ധിച്ച് എതിർ അഭിപ്രായം നൽകാത്ത സാഹചര്യത്തിലും സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് കഴിയില്ല എന്ന് ഉത്തമബോദ്ധ്യം വന്ന സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 66 (1) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടും റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പി. റ്റി. 159-ാം നമ്പർ റാന്നി എൽ. ഐ. സി. ഏജന്റസ് സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തികരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അങ്ങാടി യൂണിറ്റ് ഇൻസ്പെക്ടറെ സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ് ഏറ്റെടുത്ത വിവരവും ഏറ്റെടുത്തിട്ടുള്ള മുതലുകളുടേയും റിക്കാർഡുകളുടേയും വിവരങ്ങളും യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ് ഏറ്റെടുത്തതിനുശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ലിക്വിഡേഷൻ തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

(2)

നമ്പർ എ.ഇ.എൽ. 5714/2014. 2018 ജൂലൈ 27.

വിഷയം :—പി. റ്റി. 193 ഏഴംകുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)—അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 20-10-2014-ലെ എസ്. സി. റ്റി. എം. 703/14-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 26-5-2018-ലെ എ. ഇ. എൽ. 5714/14-ാം നമ്പർ ഉത്തരവ്.

(3) അടൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 7-7-2018-ലെ എ. 774/17-ാം നമ്പർ ശുപാർശ.

പി. റ്റി. 193-ാം നമ്പർ ഏഴംകുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)-നെ ഈ ആഫീസിലെ സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണത്തിനായി അടൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അടൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചിരുന്നു. സംഘത്തിന്റെ സമാപ്തീകരണം പൂർത്തീകരിച്ച് സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സൂചന (3) പ്രകാരം അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സംഘത്തിന്റെ അന്തിമ സമാപ്തീകരണം നടത്തിക്കൊണ്ടുള്ള ലിക്വിഡേറ്ററുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്.

ലിക്വിഡേറ്റർ സംഘത്തിന്റെ ചാർജ്ജ് 1-1-2015-ൽ ഏറ്റെടുത്തു. ഏറ്റെടുത്ത തീയതിയിലെ ബാക്കിപത്രം താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യതകൾ | തുക ` | ആസ്തികൾ | തുക ` |
|---|---|---|---|
| ചീഫ് പ്രൊമോട്ടർ അഡ്വാൻസ് | 3200.00 | ബാങ്ക് ബാലൻസ് | 892.00 |
| സെക്രട്ടറി അഡ്വാൻസ് | 221.50 | അറ്റ നഷ്ടം | 2529.50 |
| ആകെ | 3121.50 | ആകെ | 3121.50 |

സംഘത്തിന് നിയമാനുസരണം കിട്ടാനുള്ള മുതലുകൾ സമാഹരിക്കുന്നതിനും ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സംഘത്തിന് ഈടാക്കുവാൻ കഴിയാത്ത മുതലുകൾ എഴുതിത്തള്ളുന്നതിനും കൊടുത്തു തീർക്കുവാൻ കഴിയാത്ത ബാധ്യതകൾ കണ്ടുകെട്ടുന്നതിനും സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. സംഘത്തിന്റെ അന്തിമ പൊതുയോഗം 18-6-2018 തിങ്കളാഴ്ച പകൽ 3 മണിയ്ക്ക് അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ വച്ച് കൂടിയിട്ടുള്ളതും അന്നേ ദിവസം വരെയുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുള്ളതുമാണ്. സംഘത്തിന്റെ വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| ബാദ്ധ്യതകൾ എഴുതി തള്ളിയത് | 3421.00 | ആസ്തികൾ എഴുതിത്തള്ളിയത് | 2529.00 |
| ലിക്വിഡേറ്റർ അഡ്വാൻസ് | 250.00 | ബാദ്ധ്യതകൾ എഴുതിത്തള്ളിയത് | 3421.00 |
| എസ്. ബി. പിൻവലിയ്ക്കൽ | 892.00 | ബാങ്ക് അക്കൗണ്ട് | 250.00 |
| എസ്. ബി. പലിശ | 80.00 | ബാങ്ക് ചാർജ്ജ് | 66.00 |
| എസ്. ബി. പിൻവലിയ്ക്കൽ | 283.00 | ബാങ്ക് നിക്ഷേപം | 826.00 |
| ബാങ്ക് അക്കൗണ്ട് പിൻവലിയ്ക്കൽ | 873.00 | ബാങ്ക് നിക്ഷേപം | 80.00 |
| | | ബാങ്ക് ചാർജ്ജ് | 283.00 |
| | | ലിക്വിഡേറ്റർ അഡ്വാൻസ് | 250.00 |
| | | പ്രിന്റിംഗ് & സ്റ്റേഷനറി | 50.00 |
| ആസ്തികൾ എഴുതിത്തള്ളിയത് | 2529.00 | ആട്ടോറിക്ഷാ കൂലി | 50.00 |
| | | പൊതുയോഗ ചെലവ് | 100.00 |
| | | കോമൺ ലിക്വിഡേഷൻ ഫണ്ട് | 363.00 |
| | | ലിക്വിഡേഷൻ ചാർജ്ജ് | 60.00 |
| ആകെ | 8328.00 | ആകെ | 8328.00 |

ടി സംഘത്തിന്റെ ആസ്തി ബാധ്യതകൾ എഴുതിത്തള്ളിയതിനും കണ്ടുകെട്ടിയതിനും ശേഷമുള്ള ആസ്തി ബാധ്യതകൾ താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യതകൾ | തുക | ആസ്തികൾ | തുക |
|---|---|---|---|
| ഇല്ല | .. | ഇല്ല | .. |

ഇപ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പി. റ്റി. 193-ാം നമ്പർ ഏഴംകുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)-ന്റെ രജിസ്ട്രേഷൻ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽനിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സഹകരണ ചട്ടം 70-ൽ നിഷ്ക്കർഷിച്ചിരിക്കുന്നവിധം ടി സംഘത്തിന്റെ റിക്കാർഡുകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

(3)

നമ്പർ എ.ഇ.എൽ. 81/2012. 2018 ആഗസ്റ്റ് 2.

വിഷയം :—സമാപ്തീകരണം—പി.റ്റി. 56 പുളിക്കീഴ് ബ്ലോക്ക് വനിതാ സഹകരണ സംഘം (ക്ലിപ്തം)—അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 21-12-2011-ലെ എസ്. സി. റ്റി. എം. 2364/11-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 2-3-2018-ലെ എ. ഇ. എൽ. 81/12-ാം നമ്പർ ഉത്തരവ്.

(3) തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 31-3-2018-ലെ എൻ. 24/12-ാം നമ്പർ കത്ത്.

പി.റ്റി. 56 പുളിക്കീഴ് ബ്ലോക്ക് വനിതാ സഹകരണ സംഘം (ക്ലിപ്തം)-ത്തെ ഈ ആഫീസിലെ സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണത്തിനായി തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ നിരണം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചിരുന്നു. സംഘത്തിന്റെ അന്തിമ പൊതുയോഗം 23-3-2018-ൽ കൂടുന്നതിന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും അംഗങ്ങൾ ആരും തന്നെ ഹാജരായില്ല. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി മുതൽ 23-3-2018-വരെയുള്ള വരവ്-ചെലവ് കണക്ക് അംഗീകരിക്കൽ, രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുള്ള ശുപാർശ എന്നീ തീരുമാനങ്ങൾ പൊതുയോഗം പാസ്സാക്കിയതായി ലിക്വിഡേറ്റർ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംഘത്തിന്റെ സമാപ്തീകരണം പൂർത്തീകരിച്ച് സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സൂചന (3) പ്രകാരം തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സംഘത്തിന്റെ അന്തിമ സമാപ്തീകരണം നടത്തിക്കൊണ്ടുള്ള ലിക്വിഡേറ്ററുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്.

സംഘത്തിന്റെ ചാർജ്ജ് 16-1-2012-ൽ ലിക്വിഡേറ്റർ ഏറ്റെടുത്തു. ഏറ്റെടുത്ത തീയതിയിലെ ബാക്കിപത്രം താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യതകൾ | തുക ` | ആസ്തികൾ | തുക ` |
|---|---|---|---|
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 114190 | കൈവശം | 850.99 |
| വായ്പകളും കടങ്ങളും | 253760 | മറ്റുസ്ഥാപനങ്ങളിലെ ഓഹരികൾ | 6710 |
| തേയ്മാന ഫണ്ട് | 66516.85 | അകസമാനം | 958.10 |
| നീക്കിയിരിപ്പിന് കരുതൽ | 1367.10 | ലൂസ് റ്റൂൾ | 65558.75 |
| ബാങ്ക് നിക്ഷേപത്തിന് കരുതൽ | 28739.00 | ഡെഡ് സ്റ്റോക്ക് | 25851.50 |
| കുറവു വന്ന ചരക്കുകൾക്കുള്ള കരുതൽ | 37321.65 | അഡ്വാൻസുകൾ | 1130924.80 |
| കിട്ടാത്തതും സംശയാസ്പദവുമായ കടങ്ങൾക്കുള്ള കരുതൽ | 11674.61 | അറ്റ നഷ്ടം | 1252430.68 |
| സംഘത്തിന് കിട്ടാനുള്ള തുകകൾക്കുള്ള കരുതൽ | 625142.65 | | |
| ഡെഡ് സ്റ്റോക്കിനുള്ള കരുതൽ | 25851.50 | | |
| ശമ്പളം തടഞ്ഞതിനുള്ള കരുതൽ | 32195 | | |
| വ്യാപാര നഷ്ടത്തിനുള്ള കരുതൽ | 6217.27 | | |
| ഗ്രാന്റ് & സബ്സിഡി | 183200 | | |
| വിദ്യാഭ്യാസ ഫണ്ട് | 28000 | | |
| ഇ&സി | 22819 | | |
| അഡ്വാൻസ് സംഘത്തിൽനിന്നും കൊടുക്കേണ്ടത് | 1046290.19 | | |
| ആകെ | 24883284.82 | ആകെ | 2483284.82 |

സംഘത്തിന് നിയമാനുസൃതം കിട്ടാനുള്ള മുതലുകൾ സമാഹരിക്കുന്നതിനും ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സംഘത്തിന് ഈടാക്കുവാൻ കഴിയാത്ത മുതലുകൾ എഴുതിത്തള്ളുന്നതിനും കൊടുത്തു തീർക്കുവാൻ കഴിയാത്ത ബാധ്യതകൾ കണ്ടുകെട്ടുന്നതിനും സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം ജില്ലാ സഹകരണ ബാങ്കിൽ ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ ശേഷിച്ച തുക പിൻവലിച്ച് കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിക്ഷേപിക്കുന്നതിന് ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംഘത്തിന്റെ വരവ്-ചെലവ് കണക്ക്, ബാക്കി പത്രം എന്നിവ ചുവടെ ചേർക്കുന്നു.

വരവ്-ചെലവ് കണക്ക്

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| *Miscellaneous* | | *Contigencies* | |
| Interest on investments | 6692.00 | Audit Fee | 15319.00 |
| Bank Account | | Liquidator expence | 3168.00 |
| PCARDB Thiruvalla | 69689.00 | TA | 500.00 |
| Urban Co-Operative Bank Thiruvalla | 67773.00 | Bank Charge | 350.00 |
| Sale of Machinery | 69267.00 | Liquidation Charge | 10391.00 |
| *Advance due by* | | Penel interest on Government share | 3345.00 |
| Liquidator Advance | 3668.00 | Affiliation fees | 7500.00 |
| | | *Bank Account* | |
| | | PDCB Thiruvalla | 69689.00 |
| | | Urban Co-Operative Bank Thiruvalla | 75659.00 |
| | | Government share | 27500.00 |
| | | *Advance Due by* | |
| | | Liquidator Advance | 3668.00 |
| **Total** | 217089.00 | **Total** | 217089.00 |
| Opening balance | Nil | Closing balance | Nil |
| **Grand Total** | **217089.00** | **Grand Total** | **217089.00** |

ബാക്കി പത്രം

| *Liabilities* | (`) | *Assets* | (`) |
|---|---|---|---|
| Share | 86690.00 | Cash in hand | 850.99 |
| Borrowings | 25760.00 | Cash at bank | 7886.00 |
| Reserve For cash Balance | 1367.10 | Share in other societies | 6710.00 |
| Reserve for cash at Bank | 28739.00 | Dead stock | 25851.50 |
| Reserve for Debit stock | 37321.65 | Advance due to | 1130924.80 |
| Reserve for bad & doubtful debits | 11674.61 | Net loss | 1260742.53 |
| Reserve for due of advance | 625142.65 | | |
| Reserve for Dead Stock | 25851.50 | | |
| Depreciation Fund | 66516.85 | | |
| Reserve for salary objected | 32195.00 | | |
| Reserve for Trade loss | 6217.27 | | |
| Grand& Subsidy | 183200.00 | | |
| Education Fund | 28000.00 | | |
| Advance Due by | 1046290.19 | | |
| **Total** | **2432965.82** | **Total** | **2432965.82** |

ടി സംഘത്തിന്റെ ആസ്തി ബാധ്യതകൾ യഥാസമയം എഴുതിത്തള്ളിയും കണ്ടുകെട്ടിയതിനും ശേഷമുള്ള ആസ്തി ബാധ്യതകൾ താഴെ പറയും പ്രകാരമാണ്.

| ബാദ്ധ്യതകൾ | തുക | ആസ്തികൾ | തുക |
|---|---|---|---|
| ഇല്ല | .. | ഇല്ല | .. |

ഇപ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പി. റ്റി. 56 പുളിക്കീഴ് ബ്ലോക്ക് വനിതാ സഹകരണ സംഘം (ക്ലിപ്തം)-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽനിന്നും നീക്കംചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സഹകരണ ചട്ടം 74-ൽ നിഷ്കർഷിച്ചിരിക്കുന്നവിധം ടി സംഘത്തിന്റെ റിക്കാർഡുകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ.ഇ.എൽ./7491/2006. 2018 ജൂൺ 30.

വിഷയം:—സമാപ്തീകരണം—കെ 63 പൂഞ്ഞാർ പട്ടികജാതി സഹകരണ സംഘം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 5-4-1993-ലെ എച്ച്. എം./2941/93 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 23-5-2018-ലെ എ.ഇ.എൽ./57602/14 കെ.ഡിസ് നമ്പർ ഉത്തരവ്.

(3) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 18-6-2018-ലെ ഇ./1379/2015 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 30-5-2018-ലെ 5-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ 63 പൂഞ്ഞാർ പട്ടികജാതി സഹകരണ സംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിൽ 21-8-1993-ൽ ലിക്വിഡേറ്റർ ചാർജ്ജെടുത്ത് ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചു. ക്രമപ്രകാരം ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ക്ലെയിമുകൾ കൊടുത്തുതീർത്ത് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. പിരിച്ചെടുക്കാൻ സാധിക്കുന്ന പരമാവധി ആസ്തികൾ ലിക്വിഡേറ്റർ ഈടാക്കിയെടുക്കുകയും സർക്കാർ ഓഹരി ` 61,900 ഫർണിച്ചർ വായ്പ ` 2,250, പലിശ ` 6,463, എസ്. എസ്. റ്റി ഫെഡറേഷൻ വായ്പ ` 2,550, പലിശ ` 5,774, എഡ്യൂക്കേഷൻ ഫണ്ട് ` 133, അഫിലിയേഷൻ ഫീസ് ` 300 എന്നിവ അടച്ചുതീർക്കുകയും ചെയ്തു. ഈടാക്കിയെടുത്ത തുകയുടെ നിശ്ചിത ശതമാനം ലിക്വിഡേഷൻ ചാർജ്ജായും അടച്ചുതീർത്തിട്ടുള്ളതാണ്. ടി സംഘത്തിന് ഇപ്പോൾ യാതൊരുവിധ ഗവൺമെന്റ് കുടിശ്ശികയും ബാക്കി നിൽപ്പില്ലാത്തതാണ്. സംഘത്തിന് ജില്ലാ സഹകരണ ബാങ്ക്, എസ്. സി./എസ്. റ്റി. ഫെഡറേഷൻ എന്നിവിടങ്ങളിലുള്ള ഓഹരികൾ പിൻവലിച്ച് ആസ്തിയിൽ മുതൽക്കൂട്ടിയിട്ടുള്ളതാണ്. തുടർന്ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രത്തിൽ യാതൊരുവിധത്തിലും ഈടാക്കിയെടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും ബാധ്യതകൾ കണ്ടുകെട്ടിയും 22-5-2018-ൽ എ.ഇ.എൽ./7491/2006 നമ്പർ ഉത്തരവ് നൽകി സംഘത്തിന്റെ അന്തിമ പൊതുയോഗം 30-5-2018-ൽ കൂടിയിട്ടുള്ളതാണ്. ലിക്വിഡേറ്ററുടെ നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും എ.ഇ.എൽ. ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (2) ഉത്തരവ് പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർക്ക് 30-6-2018 വരെ കാലാവധിയുണ്ട്. ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കിപത്രം

| വരവ് | തുക | ചിലവ് | തുക |
|---|---|---|---|
| | ₹ | | ₹ |
| ഓഹരി വ്യക്തികൾ | 7900.00 | പണം കൈവശമുള്ളത് | 100.15 |
| ഓഹരി ഗവൺമെന്റ് | 61000.00 | ബാങ്ക് നിക്ഷേപം | 13331.88 |
| ഫെഡറേഷൻ ലോൺ | 2550.00 | ഗവ. സെക്യൂരിറ്റി | 200.00 |
| ഫർണിച്ചർ ലോൺ | 2250.00 | എസ്. സി./എസ്. റ്റി. ഫെഡറേഷൻ ഷെയർ | 900.00 |
| റിസർവ് ഫണ്ട് നിക്ഷേപിക്കാത്തത് | 5.45 | സെക്യൂരിറ്റി നിക്ഷേപം | 500.00 |
| കിട്ടാക്കടത്തിന് കരുതൽ | 100.00 | ഇ. ഡബ്ല്യൂ. എഫ്. | 14.00 |
| തേയ്മാന ഫണ്ട് | 28056.21 | ലോൺസ് ആന്റ് അഡ്വാൻസ് | 21742.80 |
| കേടായ സ്റ്റോക്കിന് കരുതൽ | 1034.10 | കിട്ടാനുള്ള പലിശ | 16905.90 |
| സംശയാസ്പദ ആസ്തികൾക്ക് കരുതൽ | 30.00 | പലവക ആസ്തികൾ | 281.20 |
| കുറവുകണ്ട ചരക്ക് കരുതൽ | 2460.65 | വിൽപ്പന കമ്മീഷൻ | 1110.70 |
| സംശയാസ്പദമായ ലോൺ | 228.75 | ഫർണിച്ചർ | 18441.15 |
| ഫർണിച്ചർ കരുതൽ | 211.53 | ലാന്റ് | 7500.00 |
| കുടിശ്ശികയായ പലിശയ്ക്ക് കരുതൽ | 16905.90 | ക്ലോസിംഗ് സ്റ്റോക്ക് | 150.00 |
| പലിശ കൊടുക്കാനുള്ളത് | 216.00 | കുറവുകണ്ട സ്റ്റോക്ക് | 2264.88 |
| ഗവ. ഗ്രാന്റ്, സബ്സിഡി | 160567.00 | കേടായ സ്റ്റോക്ക് | 1034.10 |
| വിദ്യാഭ്യാസ ഫണ്ട് | 133.20 | ഡ്യൂ റ്റു തുകകൾ | 222249.64 |
| ഗവ. ഷെയർ | 900.00 | അറ്റ നഷ്ടം | 127080.92 |
| സെക്യൂരിറ്റി നിക്ഷേപം (ജീവനക്കാർ) | 500.00 | | |
| കൊടുക്കുവാനുള്ള ഡിവിഡന്റ് | 219.00 | | |
| എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി | 4890.00 | | |
| ഗ്രാറ്റുവിറ്റി കരുതൽ | 7145.76 | | |
| ഇ. ഡബ്ല്യൂ. എഫ്. | 14.00 | | |
| ഡ്യൂബൈ കരുതൽ | 136047.66 | | |
| വീതിക്കാത്ത ലാഭം | 49.01 | | |
| ലോൺ വ്യത്യാസം കരുതൽ | 393.10 | | |
| ആകെ | 433807.32 | ആകെ | 433807.32 |

നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| വിൽപ്പന | 3300.00 | ശമ്പളം | 18774.00 |
| നോട്ടീസ് ചാർജ് | 140.50 | പലവക ചെലവ് | 35.00 |
| പലിശ വരവ് | 103174.00 | കൂലി കൊടുത്തത് | 1130.00 |
| ലോൺ | 2011.80 | ബിൽഡിംഗ് ആന്റ് ടാക്സ് | 5882.75 |
| ലോൺ പലിശ വരവ് | 1726.45 | ലേല ചെലവ് | 4132.00 |
| ഫർണിച്ചർ ലേലം | 22867.00 | ലാന്റ് ടാക്സ് | 227.00 |
| സ്ഥലം ലേലം | 841000.00 | ബാങ്ക് ചാർജ് | 90.00 |
| ബാങ്ക് അക്കൗണ്ട് വരവ് | 263459.93 | ലോൺ | 72.00 |
| ഡ്യൂ റ്റു വരവ് | 718661.46 | സെന്റേജ് ഫീസ് | 2244.00 |
| ഡി. സി. ബി. ഓഹരി | 100.00 | പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 186.00 |
| ഫെഡറേഷൻ ഓഹരി | 900.00 | പോസ്റ്റേജ് | 681.00 |
| സ്റ്റാഫ് സെക്യൂരിറ്റി | 500.00 | ഗവ. ഓഹരി | 61900.00 |
| സ്റ്റാഫ് സെക്യൂരിറ്റി പലിശ | 1425.00 | ലീഗൽ ചാർജ് | 285.00 |
| ലിക്വിഡേറ്റർ അഡ്വാൻസ് | 2178.00 | ഫെഡറേഷൻ ലോൺ | 2550.00 |
| | | ഫെഡറേഷൻ ലോൺ പലിശ | 5174.00 |
| | | ഫർണിച്ചർ ലോൺ | 2250.00 |
| | | ഫർണിച്ചർ ലോൺ പലിശ | 6463.00 |
| | | ലിക്വിഡേഷൻ ചാർജ് | 145314.00 |
| | | അഫിലിയേഷൻ ഫീസ് | 300.00 |
| | | എഡ്യൂക്കേഷൻ ഫണ്ട് | 133.00 |
| | | സ്റ്റാഫ് സെക്യൂരിറ്റി | 1925.00 |
| | | ബാങ്ക് അക്കൗണ്ട് | 984476.24 |
| | | ഡ്യൂ റ്റു ചെലവ് | 715146.50 |
| | | ലിക്വിഡേറ്റർ അഡ്വാൻസ് | 2173.80 |
| ആകെ | 1961444.14 | ആകെ | 1961544.29 |
| മുന്നിരിപ്പ് | 100.15 | നീക്കിയിരുപ്പ് | .. |
| ആകെ | 1961544.29 | ആകെ | 1961544.29 |

ഇപ്പോഴത്തെ ബാക്കിപത്രം

| ബാദ്ധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ എല്ലാം പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ സഹിതം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതായി എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ കെ. 63 പൂഞ്ഞാർ പട്ടികജാതി സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കെ. 63 പൂഞ്ഞാർ പട്ടികജാതി സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും, ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും, രേഖകളും, ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും, അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് (ഒപ്പ്)
രജിസ്ട്രാർ (ജനറൽ) ആഫീസ്, കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## നോട്ടീസ്

നമ്പർ ഡബ്ല്യു. 1139/75. 2018 ജൂലൈ 18.

വിഷയം:—373-ാം നമ്പർ കൊച്ചിൻ പോർട്ട് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം—സമാപ്തീകരണം—സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കൽ—ഗസറ്റിൽ പരസ്യപ്പെടുത്തുന്നത്—സംബന്ധിച്ച്.

സൂചന:—എറണാകുളം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 28-7-1975-ലെ ഡി./5763/75-ാം നമ്പർ ഉത്തരവ്.

373-ാം നമ്പർ കൊച്ചിൻ പോർട്ട് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് സൂചന പ്രകാരം ഉത്തരവായിരുന്നതും ലിക്വിഡേറ്ററായി നിയമിക്കപ്പെട്ട കൊച്ചി സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വില്ലിംഗ്ടൺ ഐലന്റ് യൂണിറ്റ് ഇൻസ്പെക്ടർ ചാർജ്ജെടുത്തിരുന്നതുമാണ്. സമാപ്തീകരണത്തിന്റെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആരുംതന്നെ ക്ലെയിം ആവശ്യപ്പെട്ട് വന്നിട്ടില്ലാത്തതാണ്. സംഘത്തിന്റെ കിട്ടാനുള്ളതും, കൊടുക്കാനുള്ളതുമായ തുകകൾ സംബന്ധിച്ച് കണക്കുകളോ മറ്റ് രജിസ്റ്ററുകളോ ലഭ്യമല്ല. സംഘത്തിന്റെ ആസ്തികൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് രേഖകളും ലഭ്യമല്ലാത്തതാണ്. സംഘത്തെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാഹചര്യവും ഇല്ലാത്തതിനാൽ മേൽ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം 74 പ്രകാരം റദ്ദ് ചെയ്യുവാനുള്ള നടപടികൾക്കെതിരെ ആർക്കെങ്കിലും ആക്ഷേപങ്ങൾ ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 30 ദിവസത്തിനകം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/
വില്ലിംഗ്ടൺ ഐലന്റ്
യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ)
ആഫീസ്, കൊച്ചി.

## REGISTRATION CERTIFICATE

No. O(2)-7759/2017. *26th July 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the undermentioned Society is also hereby registered under the said section.

### Categorical Statement

1. Name and Number of the Society—Parakkadavu Vanitha Co-operative Society Ltd. No. E-1396.
2. Date of Registration—26-7-2018.
3. Address—Moozhikkulam, Kurumassery P. O., Pin-683 579.
4. Liability—Limited.
5. Area of Operation—Chettikkulam, Karippassery, Kannamkuzhissery, Moozhikkulam (Ward 6, 10), Kurumassery (7,8,9) Parakkadavu, (11,12), Poovathussery (13) of Parakkadavu Panchayath in Aluva Taluk.
6. Main Object—To promote self help, mutual help and Co-operation among members and to promote economic interests of its members.
7. Authorised Share Capital—₹ 42,00,000.

   (A Class—250 Shares of ₹ 10,000 each
   B Class—200 Shares of ₹ 2,500 each
   C Class—100 Shares of ₹ 12,000 each)
8. Maximum borrowing limit—150 times of paid up share capital plus reserve fund.
9. Category as per KCS Act—

   Rule 15. 10-Vanitha Co-operative Societies
   (1)-Primary Women Co-operative Societies.

Office of the Joint Registrar
of Co-operative Societies
(General), Kakkanad,
Ernakulam.

(Sd.)
*Joint Registrar (General).*

## REGISTRATION CERTIFICATE

No. O-3164/2018. *18th August 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the under mentioned Society is also hereby registered under the said section.

### Categorical Statement

1. Name and Number of the Society—Palakkad Hire Goods Owners Co-operative Society Ltd. No. P. 1440.
2. Date of Registration—18-8-2018.
3. Address—Chittur Road, Kunnathurmedu P. O., Palakkad-678 013.
4. Liability—Limited.
5. Area of operation—Whole area of Palakkad District.
6. Main Objects—Welfare of Hire Goods Owners and their Family members.
7. Type of Society—Miscellaneous Societies-(3) Others-(i) Not falling in either of the above sub classes, as per Rule 15-12.(3).(i)
8. Authorized Share Capital—₹ 465 Lakhs.
9. Maximum borrowing power—150 times of the paid up Share Capital + Reserve Fund.

Office of the Joint Registrar of
Co-operative Societies (General),
Palakkad.

(Sd.)
*Joint Registrar (General).*

## മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ്

(ഹാജർ ശ്രീ. സി. കെ. ഗിരീശൻ പിള്ള)

(1)

നമ്പർ എച്ച്.എം.സി./5422/17/കെ.ഡിസ്. 2018 ജൂലൈ 20.

വിഷയം:—എടവണ്ണ പഞ്ചായത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ എം 528—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 9-6-2017-ലെ 2324/16/ഓ2 നമ്പർ കത്ത്.

(2) 20-5-2017-ലെ പരിശോധന റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 24-2-2018-ലെ ഇതേ നമ്പർ നോട്ടീസ്.

എടവണ്ണ പഞ്ചായത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 528-എടവണ്ണ പഞ്ചായത്ത് പ്രവർത്തന പരിധിയായിക്കൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം പ്രകാരം 26-5-1997-ന് രജിസ്റ്റർ ചെയ്യപ്പെടുകയും, 16-6-1997-ന് പ്രഥമ പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 18-12-2006-ൽ കാലാവധി അവസാനിച്ച സംഘം ഭരണസമിതി പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കുകയും സൂചന (2) പ്രകാരം സംഘത്തിന്റെ ഭരണം പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.

വർഷങ്ങളായി സംഘം പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ 1996-97 വർഷത്തെ ഓഡിറ്റ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. സംഘത്തിന്റെ കാണാതായ മുതലുകളും റിക്കാർഡുകളും ആയത് നിയമപരമായി സൂക്ഷിക്കാൻ ബാധ്യതപ്പെട്ട സംഘം പ്രസിഡന്റായിരുന്ന ശ്രീമതി സി. വി. ഉഷാ നായർ എന്നവരുടെയോ, കൈവശം വച്ചിട്ടുള്ള മറ്റാരിൽനിന്നോ സർച്ച് വാറണ്ട് അടക്കമുള്ള നടപടികൾ സ്വീകരിച്ച് ലഭ്യമാക്കി തരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 28-7-2010-ാം തീയതിയിൽ പെരിന്തൽമണ്ണ ആർ.ടി.ഒ.-യോട് അപേക്ഷിച്ചിരുന്നെങ്കിലും യാതൊരു വിവരവും നാളിതുവരെ ലഭ്യമായിട്ടില്ലെന്നും, സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനോ, സംഘത്തിന്റെ നഷ്ടപ്പെട്ട രേഖകൾ കണ്ടെത്തുന്നതിനോ സംഘം ജീവനക്കാരുടെയോ, മുൻ ഭരണ സമിതിയംഗങ്ങളുടെയോ ഭാഗത്ത് നിന്ന് യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത സാഹചര്യത്തിലും സംഘത്തിന്റെ പ്രവർത്തനം നിർത്തൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സംഘത്തിൽ 1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധന റിപ്പോർട്ടിൽ പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും പരിശോധനയിൽ കണ്ടെത്തിയ വസ്തുതകളും വിലയിരുത്തുമ്പോൾ സംഘം പ്രവർത്തനം സമാപ്തീകരിക്കലാണ് ഉചിതമായ നടപടി എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സമാപ്തീകരണത്തിന് മുന്നോടിയായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1)-ൽ നിഷ്കർഷിച്ച പ്രകാരം ബന്ധപ്പെട്ട ധനസഹായ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവയ്ക്ക് മേൽ വിഷയത്തിൽ എന്തെങ്കിലും ആക്ഷേപമോ അഭിപ്രായമോ ബോധിപ്പിക്കാനുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം സമയം അനുവദിച്ചുകൊണ്ട് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയപരിധിക്കകം ആരും തന്നെ ആക്ഷേപമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

### ഉത്തരവ്

1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് എടവണ്ണ പഞ്ചായത്ത് വനിതാ സഹകരണസംഘം ക്ലിപ്തം നമ്പർ എം. 528-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 72(1) പ്രകാരം മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ അരീക്കോട് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് എടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(3) പ്രകാരമുള്ള ത്രൈമാസ റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ എച്ച്.എം.സി./7544/2012. 2018 ജൂൺ 28.

വിഷയം:—മങ്കട കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എച്ച്.ഡബ്ളിയു. 22—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) മലപ്പുറം ആഡിറ്റ് ജോയിന്റ്ഡയറക്ടറുടെ 27-10-2012-ലെ എം. 1759/12(2)/എൽ.ഡിസ് നമ്പർ കത്ത്.

(2) മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 20-7-2013-ാം തീയതിയിലെ എച്ച്.എം.സി. 7544/12/കെ.ഡിസ്. നമ്പർ ഉത്തരവ്.

(3) 20-2-2014-ലെ പരിശോധന റിപ്പോർട്ട്.

പെരിന്തൽമണ്ണ താലൂക്കിൽ മങ്കട ആസ്ഥാനമാക്കി 20-3-1961-ൽ രജിസ്റ്റർ ചെയ്ത് 27-3-1961-ൽ പ്രവർത്തനം ആരംഭിച്ച മങ്കട കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എച്ച്.ഡബ്ല്യു. 22 അംഗങ്ങളുടെ ക്ഷേമത്തിനായി കൺസ്യൂമർ സ്റ്റോർ പ്രവർത്തിപ്പിക്കുകയാണ് പ്രധാന പ്രവർത്തനമായി ഏറ്റെടുത്ത് നടപ്പാക്കിയിരുന്നത്. സംഘം ആരംഭകാലത്ത് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുകയും തുടർന്ന് സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും സംഘം പ്രവർത്തനത്തിൽ താൽപര്യം നഷ്ടപ്പെടുകയും സംഘത്തിന്റെ വ്യാപാര തോത് കുറഞ്ഞു വരികയും സംഘം നിർജ്ജീവമാകുകയും ചെയ്തു. സംഘം നിലവിൽ പ്രവർത്തന രഹിതമാണ്. സംഘത്തിന് സ്വന്തമായി ഓഫീസോ തെരഞ്ഞെടുത്ത ഭരണസമിതിയോ ജീവനക്കാരോ ഇല്ല. 2008-09 വർഷം വരെയുള്ള ആഡിറ്റ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി 30-6-2013-ന് അവസാനിച്ചിട്ടുണ്ട്.

പ്രസ്തുത സംഘത്തെ റിക്കാർഡുകൾ ലഭ്യമല്ലാത്ത സംഘങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ പ്രവർത്തന സാധ്യത സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് സൂചന (2) പ്രകാരം ഉത്തരവാകുകയും പരിശോധന ഉദ്യോഗസ്ഥൻ സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ സംഘം ഭരണസമിതിയംഗങ്ങളുടേയും ജീവനക്കാരുടേയും താൽപര്യമില്ലായ്മ കൊണ്ട് മാത്രമാണ് സംഘം പ്രവർത്തനം നിലച്ചുപോയതെന്നും, സംഘം പ്രവർത്തനങ്ങളിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിക്കോ അംഗങ്ങൾക്കോ യാതൊരുവിധ താൽപര്യവുമില്ലെന്നും സംഘത്തെ പുനരുദ്ധരിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പരിശോധന ഉദ്യോഗസ്ഥൻ സൂചന (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും പരിശോധനയിൽ കണ്ടെത്തിയ വസ്തുതകളും വിലയിരുത്തുമ്പോൾ സംഘം പ്രവർത്തനം സമാപ്തീകരിക്കലാണ് ഉചിതമായ നടപടി എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സമാപ്തീകരണത്തിന് മുന്നോടിയായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1)-ൽ നിഷ്കർഷിച്ച പ്രകാരം ബന്ധപ്പെട്ട ധനസഹായ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവർക്ക് മേൽ വിഷയത്തിൽ എന്തെങ്കിലും ആക്ഷേപമോ അഭിപ്രായമോ ബോധിപ്പിക്കാനുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരമാർശം (4) പ്രകാരം സമയം അനുവദിച്ചുകൊണ്ട് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയ പരിധിക്കകം ആരും തന്നെ ആക്ഷേപമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മങ്കട കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എച്ച്.ഡബ്ളിയു. 22-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 72 (1) പ്രകാരം പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മങ്കട യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് എടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(3) പ്രകാരമുള്ള ത്രൈമാസ റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ ആഫീസ്, (ഒപ്പ്)
മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).